"ഭരണഭാഷ-മാതൃഭാഷ"

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ്
എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
സ്വരാജ് ഭവൻ, അഞ്ചാംനില
നന്തൻകോട്, കവടിയാർ പി ഒ
തിരുവനന്തപുരം-03

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. DB1/7778/10/CE/LID&EW

തീയതി:28.05.2022

## സർക്കുലർ

വിഷയം :- തസ്വഭവ (LID&EW)- റോഡ് പ്രവൃത്തികളുടെ നിർവഹണം – മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. സർക്കുലർ നം. 33/ഡിഎ 2/2022/തസ്വഭവ തീയതി 29.04.2022.
2. സർക്കാറിൽ നിന്നുള്ള 29/04/2022 ലെ ഡിഎ 1/132/2020-തസ്വഭവ നമ്പർ കത്ത്.

മേൽ സൂചനകളുടെ അടിസ്ഥാനത്തിൽ റോഡ് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവഹണ ചുമതലയുള്ള ഉദ്യോഗസ്ഥർ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുമ്പോൾ പ്രവൃത്തിയുടെ പേരിനൊപ്പം പ്രവൃത്തി ആരംഭിക്കുന്നതും അവസാനിക്കുന്നതുമായ ചെയിനേജ് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
2. പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപായി പദ്ധതി പ്രദേശത്ത് പദ്ധതിയുടെ അടങ്കൽ തുകയും വിശദാംശങ്ങളും രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിക്കേണ്ടതാണ്.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ പ്രത്യേകിച്ച് ഉൾപ്രദേശങ്ങളിൽ നടപ്പിലാക്കിയ റോഡുപണികളുടെയും മറ്റ് നിർമ്മാണ പ്രവൃത്തികളുടെയും തൽസ്ഥിതി വിവരം ബാദ്ധ്യതാ കാലയളവ് (DLP) അവസാനിക്കുന്നതിന് മുൻപായി നിർവഹണ വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട മേലധികാരികൾക്ക് സമർപ്പിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

As/-